(സി) സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിവ നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുക, പട്ടികവർഗ്ഗക്കാരെയും സർക്കാരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുക, സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കുക എന്നിവയാണ് പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരുടെ കർത്തവ്യങ്ങൾ. പട്ടികവർഗ്ഗ/ഹെൽത്ത് പ്രൈമോട്ടർമാർക്ക് പ്രതിമാസം 4000 രൂപ ഓണറേറിയവും, ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഓണറേറിയത്തിന് പുറമേ 500 രൂപ യാത്രാ ബത്തയും നൽകി വരുന്നു.

(ഡി) പട്ടികവർഗ്ഗ പ്രൊമോട്ടർ കൃത്യമായ വിവര ശേഖരണം നടത്താതെ പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സമയോചിതമായ ഇടപെടലുകൾമൂലം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുന്നുണ്ട്. ഇപ്രകാരം ഏതെങ്കിലും പ്രൊമോട്ടർമാർ കർത്തവ്യം നിറവേറ്റുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ജനനി ജന്മസുരക്ഷ പദ്ധതി

284 (2522) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളായ ഗർഭിണികളെ സഹായിക്കാൻ ആരംഭിച്ച ജനനി ജന്മസുരക്ഷ പദ്ധതി പ്രകാരം നാളിതുവരെയായി എത്ര അപേക്ഷകൾ ലഭിച്ചു എന്ന് ജില്ല തിരിച്ചിട്ടുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗർഭിണികൾക്ക് എത്ര രൂപയാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതുവരെ അപേക്ഷിച്ച എല്ലാവർക്കും സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) അപേക്ഷിച്ചവരിൽ എത്ര പേർക്ക് ധനസഹായം നൽകാൻ കഴിഞ്ഞു എന്നും അപേക്ഷിച്ചവരിൽ എത്ര വർഷം മുൻപുള്ളവർക്ക് വരെ ധനസഹായം നല്കാനുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ഇ) ധനസഹായം യഥാസമയം ലഭിക്കാതെ പോഷക ആഹാര കുറവുമൂലം ഗർഭിണികളും ഗർഭസ്ഥശിശുക്കളും മരണമടയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്രപേർ മരണമടഞ്ഞു എന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	തിരുവനന്തപുരം	-	301
	കൊല്ലം, ആലപ്പുഴ	-	90
	പത്തനംതിട്ട	-	76
	കോട്ടയം	-	272
	എറണാകുളം	-	94
	ഇടുക്കി	-	808
	തൃശ്ശൂർ	-	73
	പാലക്കാട്	-	842
	മലപ്പുറം	-	209
	കോഴിക്കോട്	-	187
	വയനാട്	-	3098
	കണ്ണൂർ	-	798
	കാസർഗോഡ്	-	1002
	ആകെ	-	7850

(ബി) ഗർഭധാരണത്തിന്റെ മൂന്നാംമാസം മുതൽ കുട്ടിക്ക് 1 വയസ്സ് പൂർത്തിയാകുന്നതുവരെ (പരമാവധി 18 മാസം) പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം മണിയോർഡറായി അയച്ചുകൊടുക്കുന്നു.

(സി &ഡി) 2013 ജൂൺ മാസം മുതലാണ് പദ്ധതി ആരംഭിച്ചത്. ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി അർഹരെന്ന് കണ്ടെത്തിയ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഇ) ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകാതെ ഗർഭിണികളും ഗർഭസ്ഥ ശിശുക്കളും മരണമടഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly